<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5828</u> <u>08-07-2024 - ൽ മറുപടിയ്ക്ക്</u>

<u>സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ സ്ഥലംമാറ്റം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ സ്ഥലംമാറ്റം നടത്തുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; | (എ) | സിഡിഎസ് അക്കൗണ്ടന്റുമാർ നിലവിൽ വർഷങ്ങളായി ഒരേ സി ഡി എസുകളിൽ തന്നെ തുടരുന്ന സാഹചര്യത്തിൽ പല വിധത്തിലുള്ള അധികാര ദുർവിനിയോഗങ്ങളെ സംബന്ധിച്ച പരാതികൾ കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ നിരന്തരം ലഭ്യമായിട്ടുള്ള സാഹചര്യത്തിലും നവകേരള സദസ്സിൽ ഉൾപ്പെടെ സി.ഡി.എസ് അക്കൗണ്ടന്റുമാരെ സ്ഥലംമാറ്റം നൽകുന്നതിന് പരാതി ലഭിച്ച സാഹചര്യത്തിലുമാണ് ഒരേ സി.ഡി.എസ്സിൽ മൂന്ന് വർഷത്തിലധികമായി സേവനം അനുഷ്ഠിക്കുന്നവർക്ക് അതേ ബ്ലോക്കിൽ തന്നെ സ്ഥലം മാറ്റം നൽകുന്നതിന് തീരുമാനിക്കാൻ ഇടയായത്. കൂടാതെ സി ഡി എസ് അക്കൗണ്ടന്റ്മാർക്ക് അതേ ബ്ലോക്കിനുള്ളിലെ മറ്റൊരു സി.ഡി.എസ്സിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കാൻ 24.06.2022-ൽ ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി തീരുമാനിക്കുകയും ചെയ്തിരുന്നു. സിഡി.എസ് ചെയർപ്പേഴ്സൺമാർ മൂന്ന് വർഷം കഴിയുമ്പോൾ മാറുകയും മെമ്പർ സെക്രട്ടറിമാർക്കും സ്ഥലം മാറ്റം വരുന്ന സാഹചര്യത്തിൽ സാമ്പത്തിക കാര്യങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും അറിയുന്ന വ്യക്തി എന്ന നിലയിൽ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ നിയന്ത്രണത്തിലാണ് മുഴുവൻ പ്രവർത്തനങ്ങളും സി.ഡി.എസ്സുകളിൽ നടന്നു വരുന്നത്. ആയതു സി.ഡി.എസുകളിലെ പ്രവർത്തനത്തിന്റെ സുതാര്യത നഷ്ടമാകാനും, ഒരാൾ മാത്രം കൈകാര്യം ചെയ്യുന്ന സാമ്പത്തിക പ്രവർത്തനങ്ങളിലുണ്ടാകാവുന്ന തെറ്റുകൾ തിരിച്ചറിയപ്പെടാതിരിക്കാനും കാരണമാകാൻ ഇടയാകുന്നുണ്ട്. ഭാവിയിൽ ഇത്തരം പ്രവണത കുറയ്ക്കാൻ വേണ്ടിയുമാണ് ഒരേ സി.ഡി.എസ്സിൽ മൂന്ന് വർഷത്തിലധികം തുടർച്ചയായി സേവനം |

| | | | |
|---|---|---|---|
| | | | അനുഷ്ഠിക്കുന്നവരെ അതേ ബ്ലോക്കിൽ തന്നെയോ യാത്രാസൗകര്യം പരിഗണിച്ച് അടുത്ത ബ്ലോക്കിലെ മറ്റൊരു സി.ഡി.എസ്സിലേക്കോ സ്ഥലം മാറ്റം നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റ് തസ്തികയുടെ വിജ്ഞാപനത്തിലോ നിയമന ഉത്തരവിലോ സ്ഥലംമാറ്റം സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെട്ടിട്ടുണ്ടോ; നിലവിലെ അക്കൗണ്ടന്റുമാരുടെ കരാർ കാലാവധി അവസാനിച്ചോയെന്നും കരാർ പുതുക്കുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം എന്നാണ് വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ളത്. നിലവിലെ സിഡിഎസ് അക്കൗണ്ടന്റുമാരുടെ കരാർ കാലാവധി 2024 മാർച്ച് 31 പൂർത്തിയാക്കുകയും കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം സി.ഡി.എസ് അക്കൗണ്ടന്റിന്റെ പ്രവർത്തനം സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, ജില്ലാമിഷൻ എന്നീതലങ്ങളിൽ അവലോകനം ചെയ്തു പ്രവർത്തന മികവ് പുലർത്തിയവർക്ക് കരാർ പുതുക്കാൻ തീരുമാനിക്കുകയും, ഒരേ സി.ഡി.എസ്സിൽ മൂന്ന് വർഷത്തിലധികമായി സേവനം അനുഷ്ഠിച്ചുവന്നവർക്ക് അതേ ബ്ലോക്കിൽ തന്നെയോ യാത്രാസൗകര്യം പരിഗണിച്ച് അടുത്ത ബ്ലോക്കിലെ മറ്റൊരു സിഡിഎസിലേയ്ക്ക് ഒരു വർഷത്തേയ്ക്ക് (2025 മാർച്ച് 31 വരെ) നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ നിലവിലെ വേതന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | 09.06.2017 തീയതിയിലെ GO (MS)110/2017/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുതുതായി നിയമനം ലഭിക്കുന്ന സിഡിഎസ് അക്കണ്ടന്റുമാർക്ക് 12,000/-രൂപ അടിസ്ഥാന ശമ്പളവും കുടുംബശ്രീയിൽ അഞ്ചു വർഷം പൂർത്തിയായ സിഡിഎസ് അക്കൗണ്ടന്റുമാർക്കു 13,000രൂപ ശമ്പളവും എല്ലാവർക്കും 750 രൂപ വാർഷിക ഇൻക്രിമെന്റും നിലവിൽ അനുവദിച്ചു വരുന്നുണ്ട് . സിഡിഎസിന്റെ തനതു ഫണ്ടിൽ നിന്നും വാർഷിക വരുമാനത്തിന്റെ 12.5% സി.ഡി.എസ് അക്കൗണ്ടന്റുമാർക്ക് ഇൻസെന്റീവ് ആയി അനുവദിക്കുന്നതിനുള്ള നിർദേശം കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ